**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5279**

**23/05/2017-ൽ മറുപടിയ്ക്ക്**

## ലൈഫ് മിഷൻ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുകയും എല്ലാ ഭൂരഹിതഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിലെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗഭാക്കാക്കുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക സേവനങ്ങളുടെയും പ്രയോജനം ലഭ്യമാക്കുന്നതിന് ഉതകുന്നതരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് എല്ലാവർക്കും സുരക്ഷിതഭവനം പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം.<br><br>താഴെ പറയുന്ന വിഭാഗങ്ങളിൽപ്പെടുന്നവരായിരിക്കും ഇതിന്റെ ഗുണഭോക്താക്കൾ.<br><br>1. സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർ<br>2. ഭവനനിർമ്മാണം ഭാഗീകമായി മാത്രം പൂർത്തിയാക്കി ഭവനരഹിതരായി തുടരുന്നവർ (മുൻകാലങ്ങളിൽ വിവിധ പദ്ധതികളുടെ ഭാഗമായി പൂർണ്ണമായോ ഭാഗീകമായോ ധനസഹായം ലഭിച്ചവർ)<br>3. പുറമ്പോക്കിലോ തീരദേശമേഖലയിലോ തോട്ടം മേഖലയിലോ |

താത്ക്കാലിക ഭവനമുള്ളവർ

4. ഭൂമിയില്ലാത്ത ഭവനരഹിതർ

ഇതിൽ ആദ്യത്തെ രണ്ട് വിഭാഗക്കാർക്കും വീട് നിർമ്മിക്കാൻ/വാസയോഗ്യമാക്കാൻ ആവശ്യമായ തുക ഗുണഭോക്താവിന് നൽകുന്നതാണ്. മൂന്നും നാലും വിഭാഗക്കാർക്ക് പാർപ്പിടസമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ളാറ്റുകളുടെ/വീടുകളുടെ സമുച്ചയം താലൂക്ക്/ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥലലഭ്യതയും ഉപഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.

ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ എന്നിങ്ങനെ തരംതിരിച്ച് എല്ലാ ജില്ലകളിലും പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരികയാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തുകയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമമാക്കുന്നതാണ്. കരട് പ്രസിദ്ധീകരിച്ച ശേഷം പരാതി പരിഹരിച്ച്, ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഗുണഭോക്തൃപട്ടിക അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നു.

<u>ഗുണഭോക്താക്കളുടെ മുൻഗണന</u>

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
2. അഗതികൾ
3. അംഗവൈകല്യമുള്ളവർ
4. ഭിന്നലിംഗക്കാർ
5. ഗുരുതര/മാരക രോഗമുള്ളവർ
6. അവിവാഹിതരായ അമ്മമാർ
7. രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ

| | | | |
|---|---|---|---|
| | | | 8. വിധവകൾ<br>9. എച്ച്.ഐ.വി +ve ആയവർ |
| (ബി) | സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി എന്ന് പൂർത്തിയാക്കാനാണുദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നുള്ളതാണ് "എല്ലാവർക്കും സുരക്ഷിതഭവനം" പദ്ധതിയായ ലൈഫ് മിഷന്റെ ലക്ഷ്യം. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിലെ ഭവനരഹിതരായവരുടെ കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായുള്ള ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചു. സർവ്വേ പൂർത്തീകരിച്ചതിനുശേഷമുള്ള വെരിഫിക്കേഷനും ഡാറ്റാഎൻട്രിയും അന്തിമഘട്ടത്തിലാണ്. ആയതിന് ശേഷം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ട ശേഷം, പട്ടിക അന്തിമമാക്കുന്നതാണ്. ആയതിനുശേഷം മാത്രമേ യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം/വിവരങ്ങൾ ലഭ്യമാകുകയുള്ളൂ |

**സെക്ഷൻ ഓഫീസർ**